ഡോ: പ്രണവ് പണ്ഡ്യ
അദ്ധ്യക്ഷൻ- അഖില വിശ്വ ഗായത്രി പരിവാർ
ചാൻസലർ- ദേവസംസ്കൃതി വിശ്വവിദ്യാലയം
എഡിറ്റർ - അഖണ്ഡജ്യോതി

ശൈലബാലാ പണ്ഡ്യ
സുപുത്രി-മാതാ ഭഗവതി ദേവി ശർമ്മ
വേദമൂർത്തി തപോനിഷ്ഠൻ
പണ്ഡിറ്റ് ശ്രീരാം ശർമ്മ ആചാര്യ

09 ജൂലൈ 2017, ഗുരുപൂർണിമ

ആദരണീയ സഹോദരാ / സഹോദരീ

ഇന്ന് ഗുരുപൂർണിമയുടെ/വ്യാസപൂർണിമയുടെ പവിത്ര ദിവസമാണ്. ഗുരുഭക്തിയിലൂടെയും ഗുരുചരണങ്ങളുടെ ധ്യാന-സാധനയിലൂടെയും ഗുരുഭക്തരായ സാധകരുടെ ജീവിതത്തിൽ തപ-സാധനയുടെ വിശിഷ്ട ലാഭം സ്വാഭാവികമായി പ്രകടമാകുന്നു. ഗുരുചരണങ്ങളുടെ കൃപയാൽ തത്വജ്ഞാനം, ബ്രഹ്മതാദാത്മ്യം, ഈശ്വരകൃപ തുടങ്ങിയ സർവ്വവും സുലഭമാകുന്നു. ഓരോ കുടുംബാംഗത്തിനും ഈ ഗുരുപൂർണിമ, ഗുരുചരണങ്ങളുടെ ഈ കൃപയുടെ അനുഭൂതിയുടെ ആഘോഷമാണ്.

നമ്മുടെ ഗുരുദേവൻ നമ്മിൽ നിന്നും അകലെയല്ല എന്ന സന്ദേശം നമുക്ക് ഓരോരുത്തർക്കും നല്കിക്കൊണ്ടാണ് ഗുരുപൂർണിമ മഹോത്സവം എത്തിയിരിക്കുന്നത്. ഗുരുദേവനെ വിളിക്കുന്നവർക്കാർക്കും ഗുരുദേവന്റെ അനുഗ്രഹങ്ങൾ ലഭിക്കാതിരിക്കില്ലയെന്നത് ഗുരുദേവന്റെ ആശ്വാസനമാണ്. ഗുരു അറിവിന്റെ ജ്വലിക്കുന്ന പന്തമാണ്. ശരീരത്തിന്റെയും മനസ്സിന്റെയും അന്തരാത്മാവിന്റെയും നിയന്ത്രണവും നിയമനവും സാധിക്കുന്ന വിശേഷ വിധി- വിധാനങ്ങളറിയുന്നത് ഗുരുവിനാണ്. ഭൗതിക ശരീരധാരി ആയിരിക്കുമ്പോഴും അവരുടെ ആത്മാവ് ഉന്നതവും അജ്ഞാതവുമായ ലോകങ്ങളിൽ വിരചിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ പൂർണ്ണതയും ഗുരുതന്നെയാണ്. ഗുരു പവിത്രതയുടെയും ശാന്തിയുടെയും പ്രേമത്തിന്റെയും ജ്ഞാനത്തിന്റെയും സാക്ഷാൽ മൂർത്തിയാണ്. ഗുരു സാകാരവും നിരാകാരവുമാണ്. ദേഹം ത്യജിച്ചാലും അവരുടെ അസ്ഥിത്വം നശിക്കുന്നില്ല, പകരം കൂടുതൽ പ്രഖരമാവുകയാണ് ചെയ്യുന്നത്.

ഈ സുദിനത്തിൽ മഹത്വപൂർണമായ ഒരു ആധ്യാത്മിക പുരുഷാർത്ഥത്തിന്റെ (ഒമ്പത് വർഷത്തെ മാതൃശക്തി ശ്രദ്ധാഞ്ജലി നവസൃജൻ മഹാപുരശ്ചരണം) ഘോഷണം നമ്മുടെ ഈ വിശാല ഗായത്രി പരിവാറിനായിക്കൊണ്ട് സൂക്ഷ്മ ലോകത്തുനിന്നും ഉണ്ടായിട്ടുണ്ട്. 1943 മുതൽ 1994 വരെ സ്ഥൂലരൂപത്തിൽ ഗായത്രി പരിവാറിന്റെ സംരക്ഷകയുടെ രൂപത്തിൽ, പരമപൂജ്യ ഗുരുദേവന്റെ അർദ്ധാംഗിനിയായ ശക്തിസ്വരൂപയും സ്നേഹസലീലയുമായ പരമവന്ദനീയ മാതാ ഭഗവതീ ദേവീ ശർമ്മ-ജി തന്റെ ആരാധ്യനായ പൂജ്യ ഗുരുദേവൻ ശ്രീരാം ശർമ്മ ആചാര്യ-ജിയോടൊപ്പം അത്ഭുതകരമായ പുരുഷാർത്ഥം ചെയ്തിരുന്നു. 1994-ൽ അമ്മ തന്റെ സ്ഥൂല ലീലകളെ സമാപിപ്പിച്ച് തന്റെ ആരാധ്യന്റെ കാരണ ശരീരത്തിൽ വിലീനയായി. 1926-ൽ ജന്മമെടുത്ത നമ്മുടെ മാതൃസത്തയുടെ ജന്മശതാബ്ദി 2026-ൽ സെപ്തംബറിലെ അശ്വിന കൃഷ്ണ ചതുർദശിനാളിലാണ്. അതിനായി അമ്മയുടെ കുട്ടിക്ളായ നമ്മളെല്ലാവരും അമ്മയുടെ സ്മൃതിയിൽ ഒരു ആദ്ധ്യാത്മിക പുരുഷാർത്ഥം ഒമ്പത് വർഷം തുടർച്ചയായി നടത്തി അതിന്റെ പൂർണാഹുതി 2026-ൽ നടത്തുവാൻ സങ്കല്പം എടുത്തിരിക്കുന്നു. ഈ യുഗപരിവർത്തനത്തിനായുള്ള മഹാ അനുഷ്ഠാനം ഇന്ന് 2017-ലെ ഗുരുപൂർണിമാദിനത്തിൽ ജൂലൈ 9 ന് തുടങ്ങി 2026-ലെ ഗുരുപൂർണിമയായ ജൂലൈ 29 ന് സമാപിക്കും. ഇതിൽ കോടിക്കണക്കിനായ കുടുംബാംഗങ്ങൾ പങ്കുകൊള്ളും.

കുടുംബാംഗങ്ങൾ പ്രഥമ ചരണത്തിൽ (2017-ലെ ഗുരുപൂർണിമയായ ജൂലൈ 9 മുതൽ 2020-ലെ ഗുരുപൂർണിമയായ ജൂലൈ 5 വരെ) താഴെ പറയുന്ന മൂന്നു സാധനക്രമങ്ങളിൽ പങ്കുചേരുവാൻ അപേക്ഷിക്കുന്നു.

1. **ഉപാസന:** നിത്യവും ആത്മബോധത്തിന്റെ സാധന. കുളി കഴിഞ്ഞ് 5 മാല ഗായത്രി മന്ത്രജപം/ 50 ഗായത്രി മന്ത്രലേഖനം/ 5 തവണ ഗായത്രീ ചാലിസ പാരായണം (ഇവയിൽ ഏതെങ്കിലും ഒന്ന്). രാത്രി ഉറങ്ങുന്നതിനു മുമ്പ് തത്വബോധസാധന.

2. **സാധന:** സർഗാത്മകമായ വിചാരങ്ങളാൽ മനസ്സ് നിറക്കാൻ ശ്രേഷ്ഠഗ്രന്ഥങ്ങളുടെ നിയമിതമായ സ്വാധ്യായം. ഈ സ്വാധ്യായം പത്തിലധികം വരുന്ന സംഘങ്ങൾ ചേർന്ന് ഭാരതത്തിലാകെയും വിശ്വം മുഴുവനും തന്നെയും പങ്കുചേരും. കൂടാതെ വ്യക്തിഗതമായി സത്സങ്കല്പ സൂത്രങ്ങളും ഗുരുദേവന്റെ മറ്റു മലയാള പുസ്തകങ്ങളും വായിക്കാം. കൂടാതെ സാധനയിൽ ആഴ്ചയിലൊരിക്കൽ ഉപവാസം, സദ്ചിന്തനം, മനനം, വ്രതപാലനം, വിചാര-ഇന്ദ്രിയ-അർത്ഥ-സമയ സംമയങ്ങളുടെ പാലനം തുടങ്ങിയവയും ചെയ്യണം.

3. **ആരാധന:** യുവാക്കളും നാരീജനങ്ങളും പ്രജ്ഞാ പരിജനങ്ങളും പ്രചാരാത്മകം-സൃജനാത്മകം-സംഘർഷാത്മകം ആയവയിൽപ്പെടുന്ന, അഖണ്ഡജ്യോതി മാസികയിൽ പറയുന്ന കാര്യപരിപാടികൾ നടത്തുവാൻ നിയ്മിതമായ സമയദാനവും അംശദാനവും നിഷ്ഠയോടെ സങ്കല്പിക്കുക.

ഗുരുപൂർണിമ വേദമൂർത്തി തപോനിഷ്ഠൻ പൂജ്യഗുരുദേവന്റെ ശ്രദ്ധാപൂർവ്വമായ ആഹ്വാനത്തിന്റെയും നമ്മുടെ ഏവരുടെയും ജീവിതത്തിൽ ഗുരുദേവന്റെ അനുഗ്രഹത്തിന്റെ അവതരണത്തിന്റെയും ആഘോഷവേളയാണ്. പവിത്രമായ ഗുരുപൂർണിമയുടെ അവസരത്തിൽ ഗായത്രീ പരിവാറിലെ എല്ലാ സ്വജനങ്ങൾക്കും അവരുടെ ബന്ധുമിത്രാദികൾക്കും ഉജ്വലഭാവിയും മംഗളമയ ജീവിതവും ഗുരുകൃപയും ആശിർവാദവും വരദാനവും ലഭിക്കട്ടെയെന്ന് ഋഷിയുഗ്മങ്ങളോട് പ്രാർത്ഥിക്കുന്നു. വിശേഷങ്ങൾ അറിയിക്കുക.

അങ്ങയുടെ സഹോദരൻ

(ഡോ: പ്രണവ് പണ്ഡ്യ)

അങ്ങയുടെ സഹോദരി

(ശൈലബാലാ പണ്ഡ്യ)